# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1294 07.06.2018 ൽ മറുപടിക്ക്**

**ഇരുത്തി-കരിയാട്,കരിയാട്-ഇരുത്തി മുക്ക് പാലം നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഇ.കെ.വിജയൻ** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) നാദാപുരം മണ്ഡലത്തിനേയും കൂത്തുപറമ്പ് മണ്ഡലത്തിനേയും വടകര മണ്ഡലത്തിനേയും ബന്ധിപ്പിക്കുന്ന ഇരുത്തി - കരിയാട് പാലം, കരിയാട്-ഇരുത്തി മുക്ക് പാലം തുടങ്ങിയവയുടെ നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | എ) ചോദ്യത്തിൽ രണ്ടായി പറഞ്ഞിരിക്കുന്ന പ്രവൃത്തികൾ രണ്ടും ഒന്നു തന്നെയാണ്. നാദാപുരം മണ്ഡലത്തിനേയും, കൂത്തുപറമ്പ് മണ്ഡലത്തിനേയും, വടകര മണ്ഡലത്തിനേയും ബന്ധിപ്പിക്കുന്ന ഇരുത്തിമുക്ക് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ടെന്റേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിംഗ് ലഭ്യമായിട്ടുണ്ട്. അതേ സമയം പ്രവൃത്തി നടത്തേണ്ടത് ഉൾനാടൻ ജലപാതയിൽപ്പെടുന്ന പുഴയിലാണെന്ന് ഉൾനാടൻ ജലഗതാഗത വകുപ്പ് അറിയിച്ചതിനെ തുടർന്ന് ഡിസൈൻ പുതുക്കേണ്ടതുണ്ട്. ഇതിന് ഉൾനാടൻ ജലഗതാഗത വകുപ്പിനോട് അതനുസരിച്ചുള്ള റൂട്ട് അടയാളപ്പെടുത്തി തരുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായാൽ മാത്രമേ ഡിസൈൻ റിവൈസ് ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കഴിയുകയുള്ളൂ. |
| ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | ബി) പ്രസ്തുത പാലം വരുന്ന മയ്യഴി പുഴയുടെ ഭാഗം സംസ്ഥാന ജലപാതയിൽ ഉൾപ്പെട്ടതാണെന്നും ആയതിനാൽ പ്രസ്തുത പാലത്തിന് ജലപാത നിഷ്കർഷിക്കുന്ന ക്ലിയറൻസ് ആവശ്യമാണെന്നും ഉൾനാടൻ ജലഗതാഗത വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചിരുന്നു. ആയതിനാൽ പാലത്തിന്റെ ഡിസൈൻ മാറ്റുന്നതിനും ആദ്യ ഘട്ടമെന്ന |

നിലയിൽ പാനൂർ മുനിസിപാലിറ്റി ഭാഗം മുതൽ ഇടച്ചേരി ഭാഗം വരെ ഒറ്റ സ്പെച്ചിൽ മാത്രം നിലവിൽ നിർദ്ദേശിച്ച അലൈൻമെന്റിൽ പാലം നിർമ്മിക്കാൻ ആവശ്യമായ രീതിയിൽ പാലത്തിന്റെ ഡിസൈൻ മാറ്റുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| സി) | പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | സി) ഡിസൈൻ മാറ്റി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി, ഭരണാനുമതി നൽകി തുടർന്ന് പ്രവൃത്തി ടെണ്ടർ ചെയ്ത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

S. Bindu
സെക്ഷൻ ഓഫീസർ